നം.എൻ.എം(3)/63628/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 30/01/2016

പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർമാർ

സർ,

**വിഷയം:-** പൊതുവിദ്യാഭ്യാസം - ***ഉച്ചഭക്ഷണപദ്ധതി - സ്കൂൾ പാചക തൊഴിലാളികളുടെ 2015 ഓണത്തോടനുബന്ധിച്ചുള്ള ഉൽസവബത്ത നൽകുന്നത്***- സംബന്ധിച്ച്.

**സൂചന:-** സർക്കാർ കത്ത് നമ്പർ 46298/ഡി1/2015/പൊ.വി.വ തീയതി 20.01.2016

2015 ഓണത്തോടനുബന്ധിച്ചുള്ള സ്കൂൾ പാചക തൊഴിലാളികൾക്കുള്ള ഉത്സവബത്ത 1110/- രൂപ നിരക്കിൽ അനുവദിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. പ്രസ്തുത തുക സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് അനുവദിച്ചുതന്ന കണ്ടിജന്റ് തുകയിൽ നിന്നും എല്ലാ പാചക തൊഴിലാളികൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

**വിലാസിനി കേദാരമംഗലത്ത്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

എല്ലാ ഉപജില്ലാ വിദ്യാഭ്യസ ഓഫീസർമാർക്കും (അറിവിലേക്കായി)

കേരള സർക്കാർ

46298/ഡി1/2015/പൊ.വി.വ.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി 20.01.2016.

OFFICE OF THE DIRECTOR OF PUBLIC INSTRUCTION
23 JAN 2016
THIRUVANANTHAPURAM

5478
ഡിഎം3/63628/15

അഡീഷണൽ ചീഫ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം : പൊതു വിദ്യാഭ്യാസ വകുപ്പ് - ഉച്ചഭക്ഷണ പദ്ധതി - 2015 ഓണത്തോടനുബന്ധിച്ച് സ്കൂൾ പാചകതൊഴിലാളികൾക്ക് ഉത്സവബത്ത അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന : താങ്കളുടെ 11.11.2015 ലെ കത്ത് നം. 3/63628/2015/ഡിപിഐ നം. കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 07.08.2015 ലെ സ.ഉ.(അച്ചടി) നം. 337/15/ധന ഉത്തരവിലെ പേജ് 5 ലെ ഖണ്ഡിക 7(vii) പ്രകാരം 910/- രൂപയും സ.ഉ.(അച്ചടി) നം. 361/15/ധന പ്രകാരം 200/- രൂപയും ചേർത്ത് 1110/- രൂപ നിരക്കിൽ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ചുള്ള ഉത്സവബത്ത നൽകാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**സന്തോഷ് കുമാർ. എൽ. റ്റി.**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.